E1/24797/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 19.11.2020

**<u>പരിപത്രം</u>**

വിഷയം:- കോ.വി.വ - എയ്ഡഡ് കോളേജ് - അനധ്യാപക വിഭാഗം - എയ്ഡഡ് കോളേജുകളിൽ എൽ ജി എസ് തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച്

സൂചന :- 1. ഈ കാര്യാലയത്തിലെ 24 /11 /2018 ലെ ഇ1 / 43599 / 2017 / കോ വി വ നം സർക്കുലർ
2 .ഈ കാര്യലയത്തിലെ 23 / 09 / 2019 ലെ ഇ1 / 32192 / 2019 / ഡി സി ഇ നം സർക്കുലർ
3 . സർക്കാരിന്റെ 02/ 11/ 2020 ലെ ഡി 3/ 166/ 2020/ ഉ.വി.വ നമ്പർ കത്ത്

*************

എയ്ഡഡ് കോളേജുകളിൽ താഴ്ന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് മെട്രിക്കുലേഷൻ പാസ്സായിട്ടുള്ളതും റഗുലർ പെർമനന്റ് സർവീസ് ഒരു വര്ഷം പൂർത്തിയായവർക്കും പൊതുവായ സീനിയോറിറ്റിലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ അനിവദനീയമാണ് എന്ന് ഈ കാര്യലയത്തിലെ സൂചന 1 ,2 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് .എന്നാൽ സർക്കാരിന്റെ സൂചന 3 കത്തിലെ നിർദേശ പ്രകാരം ഈ കാര്യലയത്തിലെ സൂചന 1 ,2 സർക്കുലറുകൾ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. എയ്ഡഡ് കോളേജുകളിൽ എൽ ജി എസ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഉയർന്ന തസ്തികയിലേക്ക് അർഹമായ സ്ഥാനക്കയറ്റം ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമെ **ഒരു വർഷത്തെ സേവനം നിർബന്ധമാക്കേണ്ടതില്ല എന്ന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.** ഈ സാഹചര്യത്തിൽ എയ്ഡഡ് കോളേജുകളിൽ എൽ. ജി. എസ്. തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട സ്ഥാനക്കയറ്റത്തിനു ഒരു വർഷത്തെ സേവനം എന്നത് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതുവരെ നിർബന്ധമില്ല. എൽ. ജി. എസ് .തസ്തികയിൽ നിന്നുള്ള പ്രൊമോഷനുകൾ പൊതുവായ സീനിയോറിറ്റി ലിസ്റ്റിന്റെയും ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിലെയും വ്യവസ്ഥകൾ/ ചട്ടങ്ങൾ പ്രകാരമായിരിക്കും അനുവദിക്കുന്നത്.

Approval Valid

Digitally Approved By
ഡോ. ജോതിരാജ്. എം
Date: 19.11.2020
Reason: Approved

ഒപ്പ്/-
**ഡോ. ജോതിരാജ്. എം**
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

ഡെപ്യൂട്ടി ഡയറക്ടർ കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം, കോഴിക്കോട്, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
( ബന്ധപ്പെട്ട എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും അറിയിക്കുന്നതിലേക്ക് )
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )